## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 152** — **21-06-2024 - ൽ മറുപടിയ്ക്ക്**

### മൃതസഞ്ജീവനി പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | അവയവദാനം മഹാദാനം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിൽ മൃതസഞ്ജീവനി പദ്ധതി എത്രമാത്രം വിജയിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി ഏറ്റവും ഉയർന്ന നിരക്കിലുള്ള മരണാനന്തര അവയവദാനം നടന്ന സംസ്ഥാനമാണ് കേരളം. മരണാനന്തര അവയവദാനത്തിനായി സമഗ്രമായ പ്രോട്ടോകോളുകളും, SOP യും തയാറാക്കിയ ഇന്ത്യയിലെ തന്നെ ആദ്യ സംസ്ഥാനം കേരളമാണ്. മസ്തിഷ്ക മരണം നിർണ്ണയിക്കുന്നതിനും, മസ്തിഷ്ക മരണം സ്ഥിരീകരിച്ച ശേഷം അവയവദാനം തിരഞ്ഞെടുക്കാത്ത അവസരങ്ങളിൽ രോഗികൾക്ക് വെന്റിലേറ്റർ സപ്പോർട്ട് നിർത്തിവെയ്ക്കുന്നതിനുമുള്ള മാതൃകാപരമായ ഉത്തരവ് ആദ്യം നടപ്പിലാക്കിയത് കേരളത്തിലാണ്. 2016 ന ശേഷം പൊതു സമൂഹത്തിൽ ചില തെറ്റായ പ്രചാരണങ്ങൾ ശക്തിപ്രാപിക്കുകയും പൊതുജനങ്ങൾക്കിടയിൽ അവയവദാനത്തെക്കുറിച്ച് ആശങ്ക ജനിപ്പിക്കാൻ ഇടയാക്കുകയും ചെയ്തു. ഇതിന്റെ ഫലമായി മസ്തിഷ്ക മരണാനന്തര അവയവദാനത്തിൽ കുറവ് ഉണ്ടാകുകയും ചെയ്തു. ഇതിനുള്ള പരിഹാര നടപടി ആയി കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ സോട്ടോ) രൂപീകരിക്കുകയും നേരത്തെ ഉണ്ടായിരുന്ന കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിങ് നെ ഇതിൽ ലയിപ്പിക്കുകയും ചെയ്തു. അവയവദാന പ്രക്രിയ കൂടുതൽ സുതാര്യവും നിഷ്പക്ഷവും ആക്കുന്നതിനു വേണ്ടിയാണ് കെ സോട്ടോ രൂപീകരിച്ചത്. മരണാനന്തര അവയവദാനത്തിന്റെ മഹത്തായ മാനവിക മൂല്യത്തെക്കുറിച്ച് പൊതു സമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിൽ കെ-സോട്ടോ വലിയ പങ്കുവഹിക്കുന്നുണ്ട്. കെ-സോട്ടോയുടെ അനുദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും വിലയിരുത്തുന്നതിനുമായി ആരോഗ്യവകുപ്പ്** |

| | | | |
|---|---|---|---|
| | | | **അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റിയും നയപരമായ കാര്യങ്ങൾക്ക് മേൽനോട്ടം നിർവഹിക്കുന്നതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി അധ്യക്ഷ ആയ ഗവേർണിങ് ബോഡിയും നിലവിലുണ്ട്. ഈ കമ്മിറ്റികൾ കെ-സോട്ടോയുടെ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി വരുന്നു.** |
| (ബി) | സ്വകാര്യ ആശുപത്രിയിൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നതിന് പാലിച്ചു വരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | **ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് ആക്ട് 1994, ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് റൂൾസ് 2014, 19.11.2010 ലെ 14931/എസ്2/2009/ ആ.കു.വ നമ്പർ വിജ്ഞാപനം എന്നിവ പ്രകാരമാണ് ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവമാറ്റം നടക്കുന്നത്. ബന്ധുവേതര അവയവദാനത്തിൽ, ജില്ലാതല ആതറൈസേഷൻ കമ്മിറ്റി അവയവ ദാതാവും സ്വീകർത്താവും തമ്മിൽ പണമിടപാട് ഇല്ലെന്ന് ഉറപ്പു വരുത്തുവാനായി ദാതാവിന്റെയും സ്വീകർത്താവിന്റെയും കഴിഞ്ഞ 3 വർഷത്തെ ബാങ്ക് ഇടപാടുകൾ പരിശോധിക്കാറുണ്ട്. കൂടാതെ അവർ തമ്മിലുള്ള അവയവമാറ്റത്തിൽ പണമിടപാടുകളൊന്നും ഇല്ലായെന്നും സംയുക്ത അപേക്ഷയിൽ പറയുന്നതു പോലെയുള്ള ബന്ധം അവർ തമ്മിൽ ഉണ്ട് എന്നും സാക്ഷ്യപ്പെടുത്തുന്നതിനും ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നോ, ജനപ്രതിനിധികളിൽ നിന്നോ ഉള്ള സർട്ടിഫിക്കറ്റും പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും കമ്മിറ്റി മുമ്പാകെ ഹാജരാക്കേണ്ടതായിട്ടുണ്ട്. ബന്ധുവേതര അവയവദാനത്തിൽ ദാതാവും സ്വീകർത്താവും തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്നതിനുള്ള ഒരു സാക്ഷ്യപത്രം എന്ന നിലയിൽ ആണ് ജനപ്രതിനിധികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് കമ്മറ്റി പരിഗണിക്കുന്നത്. ഇതിനു പുറമെ അവയവദാതാവിനെയും സ്വീകർത്താവിനെയും അവരുടെ അടുത്ത ബന്ധുക്കളേയും കമ്മിറ്റി നേരിൽ കേൾക്കുകയും, പണമിടപാടുകളൊന്നും തന്നെയില്ലെന്നും ജീവകാരുണ്യപരമായ കാരണങ്ങളാലാണ് അവയവദാനം എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. അവയവദാന ശസ്ത്രക്രിയയിൽ ഉൾപ്പെട്ടിരിക്കുന്ന സങ്കീർണ്ണതകളേയും, അവയവദാനത്തിനു ശേഷം പുലർത്തേണ്ട ജീവിതശൈലി എന്നിവയെക്കുറിച്ചും ദാതാവിനേയും അവരുടെ അടുത്ത ബന്ധുക്കളേയും ബോധ്യപ്പെടുത്തുന്നതാണ്. കൂടാതെ കമ്മറ്റിയുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പു വരുത്തുന്നതിനും ആവശ്യമെങ്കിൽ പുന:പരിശോധന നടത്തുന്നതിനും** |

| | | | |
|---|---|---|---|
| | | | **വേണ്ടി കമ്മറ്റിയുടെ നടപടിക്രമങ്ങളും അഭിമുഖങ്ങളും വീഡിയോ റെക്കോഡ് ചെയ്തു സൂക്ഷിക്കുന്നു. ഇപ്രകാരം സൂക്ഷ്മ പരിശോധന നടത്തിയ ശേഷം മാത്രമാണ് കമ്മിറ്റി ശസ്ത്രക്രിയക്ക് അനുവാദം നൽകുന്നത്.** |
| (സി) | അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് പോലീസ് ക്ലിയറൻസും മെഡിക്കൽ ബോർഡിന്റെ അനുമതിയും നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സുതാര്യവും നിയമവിധേയവുമാക്കുന്നതിനായി നിയമ നിർമ്മാണത്തിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | **അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നിലവിൽ സുതാര്യവും നിയമവിധേയവുമാണ്. ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആക്ട് 1994, ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആൻഡ് ടിഷ്യൂസ് റൂൾസ് 2014, 19.11.2010 ലെ 14931/എസ്2/2009/ആ.കു.വ നമ്പർ വിജ്ഞാപനം എന്നിവ പ്രകാരമാണ് ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവമാറ്റം നടക്കുന്നത്. ആയതിനാൽ പുതിയ നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല.** |

സെക്ഷൻ ഓഫീസർ